ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർ.എം.എസ്.എ. സ്കൂളുകളിൽ മറ്റ് സർക്കാർ സ്കൂളുകളെപ്പോലെ അദ്ധ്യാപക നിയമനം നടത്തുന്നത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. എം.എച്ച്.ആർ.ഡി. കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകൾക്ക് ആർ.എം.എസ്.എ. വഴി ശമ്പളം നൽകുന്നുണ്ട്.

(സി) 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 22-5-2015-ൽ ഇറങ്ങിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ഈ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂൾ ഉൾപ്പെടെ ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ എം.എച്ച്.ആർ.ഡി. മാനദണ്ഡങ്ങൾ ക്കുപരിയായി കെ.ഇ.ആർ. പ്രകാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

എൽ.എസ്.എസ്., യു.എസ്.എസ് പരീക്ഷകൾ

50 (1068) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൽ.എസ്.എസ്., യു.എസ്.എസ് പരീക്ഷകളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ എത്ര രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത് ; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനും യഥാസമയം സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

എൽ.എസ്.എസ്.- 100 രൂപ

യു.എസ്.എസ്.- 150 രൂപ (മൂന്ന് വർഷം)

തുക വർദ്ധിപ്പിക്കുന്നകാര്യം പരിശോധിക്കുന്നുണ്ട്. വിജയിക്കുന്ന കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly